**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2447** **27-02-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | **മെഡിസെപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണെന്ന് www.medisep.gov.in എന്ന വെബ്സൈറ്റിലെ hospitals എന്ന ലിങ്കിൽ നിന്നും സ്പെഷ്യലൈസേഷൻ സെലക്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്നതാണ്. കൂടാതെ പ്രസ്തുത വിവരങ്ങൾ ഒരു വ്യക്തിയുടെ മെഡ്കാർഡിൽ ലോഗ് ഇൻ ചെയ്യുന്നതിലൂടെയും ലഭ്യമാകുന്നതാണ്.** |
| (ബി) | ഹോമിയോ, ആയുർവ്വേദ ആശുപത്രികളെ കൂടി മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | **01.07.2022-ൽ നിലവിൽവന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്- ന്റെ ആദ്യഘട്ടം ആരംഭിച്ചു കഴിഞ്ഞതിനാൽ ഈ പദ്ധതി കാലയളവിൽത്തന്നെ ഹോമിയോ, ആയുർവ്വേദ ആശുപത്രികളെക്കൂടി മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. എന്നാലും പദ്ധതിയുടെ അടുത്ത ഘട്ടം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി കൈക്കൊള്ളുമ്പോൾ ഹോമിയോ, ആയുർവേദ ചികിത്സാ പ്രക്രിയകളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം അനുഭാവപൂർവം പരിഗണിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ